(സി) കുനിശ്ശേരി-അങ്കമശാല ടി. എം. സി.-യുടെ പൊതുജനദ്രോഹകരമായ പ്രവൃത്തികളെ ചോദ്യം ചെയ്ത കുനിശ്ശേരി നിവാസികളായ 17 പേർ ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച കേസിന്റെ (ഒ. പി. നമ്പർ. 29792/02/വി) ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ഡി) ഈ കേസിൽ ഉന്നയിക്കപ്പെട്ട കാര്യം പരിഹരിക്കുന്നതിന് സർക്കാർ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ എന്ന് വിശദീകരിക്കുമോ;

(ഇ) ശുദ്ധജലവിതരണ പദ്ധതികൾ പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് മുമ്പ് കേരള വാട്ടർ അതോറിറ്റിയുടെ കണക്ഷൻ ഉണ്ടായിരുന്ന എല്ലാ ഗാർഹിക-ഗാർഹികേതര ഉപഭോക്താക്കൾക്കും പൊതുസ്ഥാപനങ്ങൾക്കും തുടർന്നും മുടക്കമില്ലാതെ കുടിവെള്ളം വിതരണം ചെയ്യാൻ ഗ്രാമപഞ്ചായത്തധികൃതർക്കും എല്ലാം ടി. എം. സി.-കൾക്കും കർശനനിർദ്ദേശം നൽകുമോ?

ഉത്തരം

(എ) രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. സീതാറാം യു. പി. സ്കൂൾ, കുനിശ്ശേരി, കോപ്പ്വെൽ അയൽക്കൂട്ടം എന്നിവയിൽ നിന്നാണ് പരാതികൾ ലഭിച്ചത്.

(ബി) സീതാറാം യു. പി. സ്കൂളിലേക്ക് പാറക്കുളം ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും ജലവിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്. കോപ്പ്വെൽ അയൽക്കൂട്ടത്തിന്റെ പരാതിയെക്കുറിച്ച് കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ ജില്ലാ ആഫീസിൽനിന്നും നേരിട്ട് അന്വേഷണം നടത്തുകയും പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശം പഞ്ചായത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത കേസ് ഇപ്പോഴും ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ഡി) പരാതികാർക്ക് നിലവിലുള്ള കുനിശ്ശേരി ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്;

(ഇ) നിർദ്ദേശം നൽകിയിട്ടുണ്ട്.

കുനിശ്ശേരി-അങ്കമശാല ശുദ്ധജല വിതരണ സമിതിക്കെതിരെയുള്ള ആക്ഷേപങ്ങൾ

120 [5387] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുനിശ്ശേരി-അങ്കമശാല ശുദ്ധജല വിതരണ സമിതി നാളിതുവരെ എത്ര കണക്ഷനുകൾ പുതുതായി നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അയൽക്കൂട്ടം പദ്ധതികളുടേയും ടി. എം. സി. പദ്ധതികളുടേയും കണക്ഷനുകൾ ഒരേസമയത്തുതന്നെ ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ള സംഭവം ഉണ്ടായിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യം അടിയന്തിരമായി പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഒരേ വീട്ടിൽ ഒന്നിലധികം കണക്ഷനുകൾ നൽകിയിട്ടുള്ള പക്ഷം ഒറ്റക്കണക്ഷൻ മാത്രം നിലനിർത്തി ബാക്കിയുള്ളവ വിച്ഛേദിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 360 എണ്ണം പുതുതായി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ കിട്ടിയിട്ടില്ല.

(ഇ) ഓരോ കണക്ഷനും ഗുണഭോക്താക്കൾ പണമടയ്ക്കുന്നതിനാൽ ബന്ധപ്പെട്ട ഗുണഭോക്തൃസമിതിക്കു ആക്ഷേപമുള്ളപക്ഷം ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

പെരുന്തേനരുവി പദ്ധതിയുടെ പൂർത്തീകരണം

121 [5388] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി പദ്ധതി തുടങ്ങിയ കാലത്ത് കറുത്ത പൈപ്പുകൾ മണ്ണിനടിയിൽ കുഴിച്ചിടുകയും പിന്നീട് ഉപയോഗശൂന്യമായ ആ പൈപ്പുകൾ മാറ്റി ഉദ്ദേശം ഇരുപത് കിലോമീറ്റർ ദൂരത്തിൽ പുതിയ പൈപ്പുകൾ ഇടുവാൻ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ നിലവിലുള്ള സ്ഥിതി വിശദീകരിക്കാമോ;

(ബി) ആയതിനായി തയ്യാറാക്കിയ ഓരോ പ്രവർത്തികളുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത പൈപ്പുകൾ മാറ്റിയിടുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിക്കാവശ്യമായ ഫണ്ട് എങ്ങനെ കണ്ടെത്താനാണുദ്ദേശിക്കുന്നത്;

(ഇ) ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly